(ബി ആൻറ് സി) തിരുപ്പതിയിലേതുപോലെ ശബരിമല തീർത്ഥാടകർക്കുവേണ്ടി ഒരു ക്യൂ കോംപ്ലക്സും ടോയിലറുകളും മറ്റു സൗകര്യങ്ങളും നിർമ്മിക്കുവാൻ പദ്ധതിയുണ്ട് എന്ന് ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഫണ്ടിൻെറ ലഭ്യതയനുസരിച്ച് ശബരിമലയിൽ ബോർഡ് അന്നദാനം നടത്തുന്നുണ്ട്. സംഭാവനത്തുക കൂടുന്നതനുസരിച്ച് ഇത് വിപുലീകരിക്കുന്നതാണ് എന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

ക്ഷേത്രങ്ങളിൽ ഇതരമതസ്ഥർക്കും ആരാധനാ സ്വാതന്ത്ര്യം അനുവദിക്കാൻ നടപടി

104 [2093] ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്ജ്:
,, ജോസഫ് എം. പുതുശ്ശേരി:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നിലനിന്നിരുന്ന കാലത്ത് ക്ഷേത്രപ്രവേശന വിളംബരം നടത്തിയ പാരമ്പര്യമുള്ള കേരളത്തിൽ ഈശ്വരവിശ്വാസികളായ ഇതര മതസ്ഥർക്കും ക്ഷേത്രാരാധന നടത്തുവാനുതകുന്ന നിയമം ആവിഷ്കരിക്കുവാൻ സർക്കാർ തയ്യാറാകുമോ;

(ബി) ക്ഷേത്രങ്ങളുടെ സമുദ്ധാരണത്തിനും ഉത്കർഷത്തിനും വേണ്ടി സഹായിക്കുന്ന ഇതര മതസ്ഥർ സമൂഹത്തിൽ ധാരാളമുണ്ടെന്നിരിക്കേ, അവർക്ക് ക്ഷേത്രദർശനം നടത്തുന്നതിന് വിലക്ക് ഏർപ്പെടുത്തുന്ന പ്രാകൃത മനസ്കരെ ബോധവത്കരിക്കുന്നതിനും ദേശീയ ധാരയിലേക്ക് കൊണ്ടുവരുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) എല്ലാ മതസ്ഥർക്കും ആരാധനാ സ്വാതന്ത്ര്യം അനുവദിക്കുന്ന പ്രമുഖ ക്ഷേത്രങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആൻറ് ബി). ഇക്കാര്യം ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലില്ല.

(സി) ശബരിമല, പമ്പ, എരുമേലി എന്നീ ക്ഷേത്രങ്ങളിൽ എല്ലാ മതസ്ഥർക്കും ആരാധനാ സ്വാതന്ത്ര്യമുണ്ട്.

ഗുരുവായൂർ ദേവസ്വം നൽകുന്ന തുകയ്ക്ക് പലിശ നൽകാൻ നടപടി

105 [2094] ശ്രീ. എം. മുരളി:
,, കെ. മുഹമ്മദാലി:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, കെ. എ. ചന്ദ്രൻ:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly